# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത 28.06.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്.**

**നിയമസഭാ ചോദ്യം നം. 4257**

**ഗവ. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | വിദ്യാഭ്യാസ വകുപ്പിലെ എയ്ഡഡ് ഗവ. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുന്നതിനുള്ള വ്യവസ്ഥയും മാനദണ്ഡവും വിശദമാക്കാമോ; | (എ) | ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 156/12/പൊ.വി. തീയതി 22.5.2012 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം രണ്ടു മലയാളം ഡിവിഷൻ നിലനിർത്തി മൂന്നാമത്തെ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കുന്നതിന് മതിയായ കുട്ടികളില്ലെങ്കിൽ ഒരു മലയാളം ഡിവിഷൻ നിലനിർത്തി രണ്ടാമത്തെ ഡിവിഷൻ ഇംഗ്ലീഷ് പാരലൽ ഡിവിഷൻ ആയി അനുവദിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>ഒരു ഇംഗ്ലീഷ് മീഡിയം ക്ലാസ്സിൽ 30 കുട്ടികൾ വേണം. ഇംഗ്ലീഷ് പഠനം ആഗ്രഹിക്കുന്ന 60 കുട്ടികൾ ഉണ്ടെങ്കിൽ 2 ഡിവിഷൻ അനുവദിക്കാൻ കഴിയും.<br>ഈ വിഷയത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാകാൻ പാടില്ല. |
| (ബി) | ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക അദ്ധ്യാപകരെ നിയമിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇല്ല. സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെ ഇംഗ്ലീഷ് മീഡിയം അനുവദിക്കണമെന്നാണ് ഉത്തരവിൽ പറയുന്നത്. |

| | |
|---|---|
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ച് അനുവദിച്ചു; പഴയ വ്യവസ്ഥയിൽ നിന്നും ഈ സർക്കാർ ഇളവ് വരുത്തി ഉത്തരവ് നൽകിയിട്ടുണ്ടോ; | (സി) യും (ഡി) യും<br><br>37 സ്കൂളുകളിൽ പാരലൽ ഇംഗ്ലീഷ് മീഡിയം ബാച്ച് അനുവദിച്ചിട്ടുണ്ട്.<br><br>കൊല്ലം - 6, പത്തനംതിട്ട - 1, കോഴിക്കോട് - 10, കണ്ണൂർ - 20<br><br>ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻ അനുവദിക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 156/2012/പൊ.വി. തീയതി 22.5.12 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം രണ്ടു മലയാളം ഡിവിഷൻ നിലനിർത്തി മൂന്നാമത്തെ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കുന്നതിന് മതിയായ കുട്ടികളില്ലെങ്കിൽ ഒരു മലയാളം ഡിവിഷൻ നിലനിർത്തി രണ്ടാമത്തെ ഡിവിഷൻ ഇംഗ്ലീഷ് പാരലൽ ഡിവിഷൻ ആയി അനുവദിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്.) 148/2003/പൊ.വി. തീയതി 5.6.2003 പ്രകാരം രണ്ടു മലയാളം ഡിവിഷൻ നിലനിർത്തി മൂന്നാമത്തെ ഡിവിഷൻ മാത്രമേ ഇംഗ്ലീഷ് മീഡിയം പാരലൽ ഡിവിഷൻ ആക്കാൻ കഴിയുമായിരുന്നുള്ളു. |
| (ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ